**പതിനാലാം കേരള നിയമസഭ**

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ * 89 **04.03.2020-ൽ** മറുപടിക്ക്

## അംബേദ്കർ ഗ്രാമ വികസന പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ബി.സത്യൻ<br>ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ. കാരാട്ട് റസാഖ്<br>ശ്രീ. കെ.ഡി. പ്രസേനൻ | | **എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി കോളനികളുടെ സമഗ്ര വികസനത്തിനായി അംബേദ്കർ ഗ്രാമ വികസന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. 2016-17-ൽ 254 കോളനികളും 2018-19-ൽ പ്രളയ പുനരധിവാസത്തിന്റെ ഭാഗമായി 89 കോളനികളും 2019-20-ൽ ഇതുവരെ 86 കോളനികളും പദ്ധതിയിൽ തെരഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) | ഈ പദ്ധതിയിലൂടെ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് പട്ടികജാതി കോളനികളിൽ നടത്തുന്നതെന്ന് അറിയിക്കാമോ; | (ബി) | അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്ന കോളനികളിൽ താഴെ പറയുന്ന പ്രവർത്തികളാണ് നടപ്പാക്കുന്നത്.<br>1. ഇന്റേണൽ റോഡ്/ഫുട് പാത്ത്<br>2. ആശയ വിനിമയ സൗകര്യം<br>3. കുടിവെള്ള സൗകര്യങ്ങൾ<br>4. ഡ്രെയിനേജ് സൗകര്യങ്ങൾ<br>5. വൈദ്യുതീകരണം/ വീടുകളിലേയ്ക്കുള്ള സോളാർ വൈദ്യുതീകരണം<br>6. സോളാർ തെരുവ് വിളക്ക്<br>7. സാനിറ്റേഷൻ<br>8. ഭവന പുനരുദ്ധാരണം<br>9. മാലിന്യ നിർമ്മാർജനം<br>10. പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ/കളിസ്ഥലം മുതലായവ (സ്ഥലം ലഭ്യമാണെങ്കിൽ)<br>11. സംരക്ഷണ ഭിത്തി നിർമ്മാണം<br>12. ഇറിഗേഷൻ<br>13. അടുക്കളത്തോട്ടം |

| | | | |
|---|---|---|---|
| | | | 14. വരുമാനദായപദ്ധതികളായ മൃഗസംരക്ഷണം ഹോർട്ടികൾച്ചർ/ വീവിംഗ്/ കരകൗശലം മുതലായവ (വനിതകൾക്കുള്ള സ്വയം തൊഴിൽ പദ്ധതി) |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം ഓരോ കോളനിയ്ക്കും എത്ര തുകയാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | 2016-17 സാമ്പത്തിക വർഷം പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുള്ള നാല്പതിലധികം പട്ടികജാതി കുടുംബങ്ങളുള്ള കോളനികളിൽ 1 കോടി രൂപവരെയുള്ള നിർമ്മാണ പ്രവർത്തികൾക്കും 2019-20 സാമ്പത്തിക വർഷം പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുള്ള 30 പട്ടികജാതി കുടുംബങ്ങളുള്ള കോളനികളിൽ 50 ലക്ഷം രൂപ വരെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കും അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ